## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6745

12.07.2012 ൽ
മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, റ്റി. എൻ. പ്രതാപൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതു മേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കുന്നതിന്റെ ഭാഗമായി എല്ലാ സ്ഥാപനങ്ങളും അതാത് സാമ്പത്തിക വർഷത്തെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ആ വർഷം കഴിഞ്ഞാലുടൻ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച Chartered Accountant Panel ൽ നിന്നുള്ള ആഡിറ്റേഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തി അതാത് സാമ്പത്തിക വർഷത്തെ ഇന്റേണൽ ആഡിറ്റ് പൂർത്തികരിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ഇതു കൂടാതെ ബോർഡ് തലത്തിൽ ആഡിറ്റ് കമ്മിറ്റി രൂപീകരിച്ച് ആഡിറ്റ് റിപ്പോർട്ടുകളുടെ അവലോകനവും നടക്കുന്നുണ്ട്. |
| (ബി) കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;<br><br>(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | **(ബി) & (സി)**<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ, ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം 'എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് ' സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ